ചെറിയ ആനുകൂല്യം പോലും ഇപ്പോൾ നിഷേധിച്ചിരിക്കുന്നത്. ഈ നടപടി പിൻവലിക്കണം. ഈ വിഭാഗങ്ങൾക്ക് ഒ.ബി.സിയിൽ എങ്കിലും ഉള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. വിവിധ ഉപജാതികളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അറിയപ്പെടുന്ന വീരശൈവരെ ഒരൊറ്റ സമുദായമായി സർക്കാർ അംഗീകരിച്ചുകൊണ്ട് നിലവിലുള്ള ഒ.ബി.സി ആനുകൂല്യങ്ങൾ തുടരുന്നതോടൊപ്പം ഇവരെ ഒ.ഇ.സിയിൽ ഉൾപ്പെടുത്തി പിന്നോക്കത്തിൽ പിന്നോക്കം നിൽക്കുന്ന ഈ സമുദായത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : സർ, വീരശൈവ സമുദായത്തിൽപ്പെട്ട യോഗി, യോഗീശ്വര എന്നീ വിഭാഗങ്ങളെ മുൻപ് തന്നെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. ഒ.ബി.സി.വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കും ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളെ കൂടാതെ മറ്റു പല വിഭാഗങ്ങളെക്കൂടി വീരശൈവ സമുദായത്തിന്റെ ഉപജാതികളായി പരിഗണിച്ച് ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യങ്ങൾക്ക് അർഹരാക്കണമെന്നുള്ള നിവേദനം പിന്നോക്കവിഭാഗ കമ്മീഷന് ലഭിച്ചു. ഇക്കാര്യങ്ങളെപ്പറ്റി പിന്നോക്ക വിഭാഗ കമ്മീഷൻ പാലക്കാട്ടെ 'ഐക്കാസി'നെകൊണ്ട് പഠനം നടത്തിച്ചു. 'ഐക്കാസ്' നൽകിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'പൂപണ്ടാരം', 'മാലപണ്ടാരം, 'ജംഗം' എന്നീ ഉപവിഭാഗങ്ങളെകൂടി ഒ.ബി.സി. ലിസ്റ്റിൽ ചേർക്കാൻ പിന്നോക്ക വിഭാഗ കമ്മീഷൻ ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തു. കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് സർക്കർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഇപ്പോൾ വിവിധ പേരുകളിൽ അറിയപ്പെടുന്ന വീരശൈവരെ 'വീരശൈവർ' എന്ന പൊതു നാമത്തിൽ അംഗീകരിച്ച് ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തണമെന്ന് കേരള വീരശൈവസഭ ജനറൽ സെക്രട്ടറി നിവേദനം നൽകിയിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇക്കാര്യത്തിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ കമ്മീഷൻ നൽകിയ ശുപാർശയനുസരിച്ചുള്ളതാണ്. ഇതിന് മാറ്റം വരുത്താൻ നിർവാഹമുണ്ടെന്നു തോന്നുന്നില്ല.

### (3) നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ പദ്ധതി

ശ്രീ. ജി. സുധാകരൻ : സർ, കേരളത്തിലെ 2000-ത്തോളം വരുന്ന നിലത്തെഴുത്താശാൻമാർക്ക് 60 വയസ്സു തികയുന്ന മുറയ്ക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. പ്രശസ്തനായ ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം ഈ കാര്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ 10 വർഷമായിട്ടുള്ള അപേക്ഷയാണിത്. തുഞ്ചത്തെഴുത്തച്ഛന്റെ മഹനീയമായ മാതൃഭാഷാ സേവനം തങ്ങൾക്ക് ആകുന്നതുപോലെ പിന്തുടർന്ന്, ആദ്യാക്ഷരങ്ങൾ പിഞ്ചുകുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന നിലത്തെഴുത്താശാൻമാർ മാതൃഭാഷയെ, മലയാള ഭാഷയെ പരിപോഷിപ്പിക്കുകയാണ്. കേരളാ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

നിലത്തെഴുത്താശാൻ സംഘടനയുടെ പ്രസിഡന്റായ എനിക്ക് അവരുടെ വേദനകളും യാതനകളും അറിയാം. 2000-2001 മുതൽ നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ 150 രൂപ പഞ്ചായത്തുകൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് മാത്രമാണ് അവരുടെ ഏകവരുമാനം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ
10 A.M.] ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ നിലത്തെഴുത്താശാന്മാർ vanishing category ആണ്. അവരിപ്പോൾ വളരെ ചുരുങ്ങി വരികയാണ്. ആ വിഭാഗത്തിന് പെൻഷൻ അനുവദിക്കേണ്ടത് മാനുഷികമായും ധാർമ്മികമായും വേണ്ടതാണ്. അതുപോലെ നമ്മുടെ എല്ലാ പാരമ്പര്യവും വച്ചുകൊണ്ട് ആവശ്യമായ കാര്യവുമാണ്. മലയാളഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ ട്രസ്റ്റ് തുഞ്ചമ്പറമ്പിലുണ്ടാക്കുന്നതിന് 25 ലക്ഷം രൂപ ഗ്രാന്റ് ഈ വർഷത്തെ ബഡ്ജറ്റിൽതന്നെ ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം എല്ലാവശങ്ങളും പരിശോധിച്ച് ഈ വർഷംതന്നെ അനുഭാവപൂർവ്വം തീരുമാനമെടുക്കുന്നതാണ്.

## (4) കടലുണ്ടിക്കടവിലെ പാലം നിർമ്മാണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മലപ്പുറം-കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കടലുണ്ടി പാലത്തിന്റെ നിർമ്മാണം ഇപ്പോൾ മന്ദഗതിയിലാണ്. കടലുണ്ടി പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കടലുണ്ടിക്കടവ് പാലത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകാണ്. കാലതാമസത്തിന്റെ കാരണം എന്താണെന്ന് അന്വേഷിക്കാം. വളരെ വേഗത്തിൽ പണി തീർക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

## (5) ആദിവാസികൾക്കുവേണ്ടി ഒരു പ്രത്യേക വനം ദേശസാൽക്കരണ നിയമം

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വർഗ്ഗീസ് വൈദ്യർ: ബഹുമാനപ്പെട്ട സ്പീക്കർ സർ, കേരളത്തിലാകെയുള്ള മൂന്നുലക്ഷത്തിൽ ചില്വാനമുള്ള ആദിവാസികളുടെയും ലക്ഷക്കണക്കിനുള്ള കാലികളുടെയും ഗൗരവമുള്ള കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പ്രത്യേക ഭൂപരിഷ്ക്കരണം കൊണ്ടുവരണമെന്നുള്ളത് ഒരു നിയമമാണ്. ഇൻഡ്യ സ്വതന്ത്ര്യമായിട്ട് ഏതാണ്ട് 52 വർഷം കഴിഞ്ഞിരിക്കുന്നു. 52 വർഷം കഴിഞ്ഞിട്ടും അതിനുമുൻപും ആദിവാസികൾക്ക് കാട്ടിൽ എവിടെയും കൃഷിചെയ്യാനും വേട്ട നടത്താനും അധികാരമുണ്ടായിരുന്നു. എന്നാൽ 1949-നു ശേഷം ഫോറസ്റ്റ് നിയമം വന്നതോടുകൂടി ആദിവാസികൾക്ക് ഫോറസ്റ്റിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly